**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2376** **27-10-2026-ൽ മറുപടിയ്ക്ക്**

**വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ
ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീ. സി. കെ. കാസിം
ശ്രീ. നജീബ് കാന്തപുരം

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ നിലവിലെ ആഭ്യന്തര വൈദ്യുതി ഉൽപാദനത്തിന്റെ സ്ഥിതിയും (ഹൈഡൽ/സോളാർ/ വിൻഡ്) പ്രതിദിന ഉൽപാദന ശേഷിയും എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

**മറുപടി:** ആഭ്യന്തര ഉൽപ്പാദനത്തിന്റെ സ്ഥാപിത ശേഷി പുരപ്പുര സോളാർ ഉൾപ്പെടെ ഏകദേശം 5500 മെഗാവാട്ടിന് മുകളിൽ ഉണ്ടെങ്കിലും രാത്രിയിലെ പീക്ക് സമയത്തു ഉപയോഗിക്കാൻ കഴിയുന്ന ആഭ്യന്തര ഉൽപ്പാദനം ഏകദേശം 2000 മെഗാവാട്ട് ആണ്. നിലവിലെ സ്ഥിതി അനുസരിച്ചു ഈ വർഷം ഇത് വരെയുള്ള പ്രതിദിന ഉൽപ്പാദനം ചുവടെ ചേർക്കുന്നു.

| **വൈദ്യുതി ഉൽപാദന സ്രോതസ്സ്** | **സ്ഥാപിത ശേഷി (മെഗാവാട്ട്)** | **നിലവിലെ ശരാശരി പ്രതിദിന ഉൽപാദനശേഷി (മില്യൺ യൂണിറ്റ് - MU)** |
|---|---|---|
| ജലവൈദ്യുതി | 2284 | 18.83 |
| സൗരോർജം | 2721 | 1.23 |
| കാറ്റിൽ നിന്നുള്ള വൈദ്യുതി | 72 | 0.54 |
| താപവൈദ്യുതി | 537 | 0.29 |
| **ആകെ** | **5614** | **20.89** |

സൗരോർജ്ജത്തിന്റെ കാര്യത്തിൽ ഒരു മെഗാവാട്ടിൽ കൂടുതൽ ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങളിലെ വൈദ്യുതി ഉൽപ്പാദന വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. സ്വകാര്യ വ്യക്തികൾ സ്വന്തം ചെലവിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ പദ്ധതിയിൽ നിന്നുള്ളതാണ് സൗരോർജ്ജ സ്ഥാപിത ശേഷിയുടെ വലിയ പങ്കും. അതിൽ നിന്നും ശരാശരി 1.23 ദശലക്ഷം യൂണിറ്റ് വൈദ്യുതി മാത്രമേ ലഭ്യമാകുന്നുള്ളൂ. മാത്രമല്ല വൈദ്യുതി ഏറ്റവും കൂടുതൽ ആവശ്യമുള്ള പീക്ക് സമയങ്ങളിൽ ഈ വൈദ്യുതി ലഭ്യമല്ല എന്നുള്ളത് വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകുന്നു.

**(ബി)** ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർമ്മാണത്തിലുള്ളതോ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ജലവൈദ്യുത-സൗരോർജ്ജ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വൈദ്യുതി ക്ഷാമം പരിഹരിക്കാനായി അഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക എന്ന് ലക്ഷ്യമിട്ടുകൊണ്ട് കെ.എസ്.ഇ.ബി വിവിധ ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i) 127.50 MW സ്ഥാപിതശേഷിയുള്ള ശേഷിയുള്ള 8 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | ജലവൈദ്യുത പദ്ധതി | സ്ഥാപിത ശേഷി (മെഗവാട്ട്) | ഉത്പാദന ശേഷി (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1. | മാങ്കുളം | 40 | 101.43 |
| 2. | ചിന്നാർ | 24 | 76.45 |
| 3. | ഓലിക്കൽ | 5 | 10.26 |
| 4. | പൂവാരംതോട് | 3 | 5.88 |
| 5. | പഴശ്ശിസാഗർ | 7.5 | 25.16 |
| 6. | അപ്പർ ചെങ്കുളം | 24 | 53.22 |
| 7. | ചെങ്കുളം ഓഗ്മെന്റേഷൻ സ്കീം | - | 85.00 |
| 8. | ഭൂതത്താൻകെട്ട് | 24 | 83.50 |
| | **ആകെ** | **127.50** | **440.9** |

ii) പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ: കെ.എസ്.ഇ.ബി.എൽ 2200 MWന്റെ 4 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കക്കയം പമ്പ്ഡ് സ്റ്റോറേജ് പദ്ധതി | 1000 |
| 2 | പൊരിങ്ങൽക്കുത്ത് പമ്പ്ഡ് സ്റ്റോറേജ് പദ്ധതി | 400 |
| 3 | മുതിരപ്പുഴ പമ്പ്ഡ് സ്റ്റോറേജ് പദ്ധതി | 100 |
| 4 | ഇടുക്കി പമ്പ്ഡ് സ്റ്റോറേജ് പദ്ധതി | 700 |
| | **ആകെ** | **2200** |

ഇതുകൂടാതെ നിലവിൽ 3000 MWന്റെ 3 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

iii) 88MW ന്റെ വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനത്തിന്റെ മുന്നോടിയായിട്ടുള്ള വിവിധ ഘട്ടങ്ങളിൽ ആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗവാട്ട്) | ഉത്പാദന ശേഷി (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1. | ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | 22.83 |

| | | | |
|---|---|---|---|
| 2. | പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി (രണ്ടാം ഘട്ടം ) | 24 | 53.85 |
| 3. | മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി | 6 | 14.84 |
| 4. | മാർമ്മല ചെറുകിട ജലവൈദ്യുതപദ്ധതി | 7 | 23.02 |
| 5 | കക്കയം പമ്പിംഗ് സ്കീം | | 29.488 |
| 6 | പീച്ചാട് SHEP | 3 | 7.74 |
| 7 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| | | | |
| 8 | ലാഡ്രും SHEP | 3.5 | 12.13 |
| 9 | കീരിത്തോട് | 12 | 27.65 |
| 10 | ചെമ്പുകടവ് III SHEP | 7.5 | 16.65 |
| 11 | ചാത്തൻകോട്ടുനട I SHEP | 5 | 12.06 |
| 12 | വളാംതോട് SHEP | 7.5 | 15.29 |
| | **ആകെ** | **88** | **252.958** |

iv) വൻകിട ജല വൈദുത പദ്ധതികളായ ഇടുക്കി ഗോൾഡൻ ജൂബിലി പദ്ധതി (740 MW), ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി (450 MW), ലക്ഷ്മി ജലവൈദ്യുത പദ്ധതി (240 MW) എന്നിവയുടെ PFR / DPR (പ്രീഫീസിബിലിറ്റി പഠന റിപ്പോർട്ട് / ഡീറ്റയിൽഡ് പ്രൊജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്ന ജോലികൾ നടന്നുവരികയാണ്. ഇതുകൂടാതെ ഇടമലയാർ കപ്പാസിറ്റി അഡിഷൻ (80 MW), മാങ്കുളം – രണ്ടാംഘട്ടം (40 MW) ഒറ്റക്കൽ (4 MW) എന്നീ ജലവൈദ്യുത പദ്ധതികൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നു വരുന്നു. പാംബ്ലാ (10 MW), ലോവർ പൂഴിത്തോട് (5.10 MW) എന്നീ ജലവൈദ്യുത പദ്ധതികൾ നിർദിഷ്ട ഡി.പി.ആർ ഭേദഗതികൾ വരുത്തുന്നതിലേയ്ക്കായുള്ള ജോലികൾ നടന്നു വരുന്നു.

**(സി)** വേനൽക്കാലത്ത് കേന്ദ്ര പൂളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനായി ഒപ്പുവെച്ചിട്ടുള്ള കരാറുകളുടെ വിശദാംശവും അതിനായി പ്രതീക്ഷിക്കുന്ന സാമ്പത്തിക ബാധ്യതയും വിശദമാക്കാമോ?

**മറുപടി:** 2026 സെപ്റ്റംബർ 15 മുതൽ കേന്ദ്ര വൈദ്യുതി വിഹിതത്തിൽ നിലവിൽ ലഭ്യമാക്കുന്നതിന് പുറമേ 150 മെഗാവാട്ട് അധിക വൈദ്യുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിച്ചുവരുന്നുണ്ട്. പ്രസ്തുത അധിക വിഹിതം നിലവിൽ 2026 നവംബർ 15 വരെ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ അധിക വിഹിതം 2027 മെയ് വരെ ലഭ്യമാക്കുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷന്റെ അനുമതിയോടെ വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി ഉൽപ്പാദകരിൽനിന്ന് ഹ്രസ്വകാലാടിസ്ഥാ നത്തിൽ 2027 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കു വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ പ്രകാരം ഏകദേശം 397 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| വൈദ്യുതി ലഭ്യമാകുന്ന കാലയളവ് | "പീക്" സമയത്തേക്ക് ലഭ്യമാകുന്ന വിഹിതം മെഗാവാട്ടിൽ | പ്രതീക്ഷിക്കുന്ന പ്രതിമാസ ബാധ്യത കോടി രൂപയിൽ |
|---|---|---|

| | | |
|---|---|---|
| മാർച്ച് 2027 | 240 MW | 42.97 |
| ഏപ്രിൽ 2027 | 365 MW | 68.72 |
| മേയ് 2027 | 290 MW | 26.94 |

| **വൈദ്യുതി ലഭ്യമാകുന്ന കാലയളവ്** | **മുഴുവൻ സമയത്തേക്ക് ലഭ്യമാകുന്ന വിഹിതം മെഗാവാട്ടിൽ** | **പ്രതീക്ഷിക്കുന്ന പ്രതിദിന ബാധ്യത കോടി രൂപയിൽ** |
|---|---|---|
| മാർച്ച് 2027 | 200 MW (RTC) | 87.2 |
| ഏപ്രിൽ 2027 | 200 MW (RTC) | 84.4 |
| മേയ് 2027 | 200 MW (RTC) | 87.2 |

വരുന്ന വേനൽ കാലത്തു ഉൾപ്പെടെ ഉണ്ടാകാനിടയുള്ള വർധിച്ച ആവശ്യകത നിറവേറ്റാനായി വിവിധ ഹ്രസ്വകാല/ മധ്യകാല /ദീർഘ കാല /ബാങ്കിംഗ് കരാറുകൾ വഴി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചുവരുകയാണ്.

**സെക്ഷൻ ഓഫീസർ**